**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5051** **04-07-2024 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യൂ.എസ്. സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കെ-ടെറ്റ് പരീക്ഷയിൽ ഇ.ഡബ്ല്യൂ.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | കേന്ദ്ര സർക്കാർ CTET പരീക്ഷയ്ക്ക് EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്ക് മാർക്കിന് ഇളവ് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സമാന രീതിയിൽ സംസ്ഥാനത്ത് നടത്തുന്ന കെ.ടെറ്റ് പരീക്ഷയ്ക്കും EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്ക് ഇളവ് ഇപ്പോൾ അനുവദിക്കേണ്ടതില്ലെന്ന് G.O.(Rt)No. 4863/2023/GEDN തീയതി: 26.08.2023 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- K-TET (Kerala Teachers Eligibility Test) പരീക്ഷയിൽ SC/ST, OBC വിഭാഗങ്ങൾക്ക് നൽകുന്ന മാർക്ക് ഇളവുകൾക്ക് സമാനമായി Economically Weaker Section (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാ മാർക്കിൽ 5% ഇളവ് അനുവദിക്കുന്നത്- 14.03.2023 തീയ്യതിയിൽ ബഹു ഹൈ കോടതി 2023 ലെ 4350,736,4191,4479,4553,6713 നമ്പർ റിട്ട ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ( ജെ.ആർ)വകുപ്പ്**

**G.O.(Rt)No.4863/2023/GEDN** തീയതി,തിരുവനന്തപുരം, **26-08-2023**

---

പരാമർശം:- 1. ബഹു ഹൈ കോടതി 2023 ലെ 4350,736,4191,4479,4553,6713 നമ്പർ റിട്ട ഹർ ജികളിൽ 14.03.2023 തീയ്യതി പുറപ്പെടുവിച്ച വിധിന്യായം.

.

**ഉത്തരവ്**

SC/ST, OBC വിഭാഗങ്ങൾക്ക് നൽകുന്ന മാർക്ക് ഇളവുകൾക്ക് സമാനമായി EWS (മുന്നാക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം) വിഭാഗത്തിൽ ഉള്ളവർക്ക് K-TET പരീക്ഷയിൽ യോഗ്യതാ മാർക്കിൽ 5% മാർക്ക് ഇളവും സംവരണവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു കോടതി മുമ്പാകെ നൽകിയ ഹർജികളിൽ പ്രസ്തുത വിഷയത്തിൽ വിധിന്യായം ലഭിച്ച് ഒരു മാസത്തിനകം അന്തിമ തീരുമാനം കൈക്കൊള്ളണമെന്ന് സർക്കാരിന് നിർദേശം നൽകികൊണ്ട് ബഹു കോടതി ഹർജികൾ തീർപ്പുകല്പിച്ചു .

G.O.(Rt)No.4863/2023/GEDN

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.കേന്ദ്ര പാഠ്യ പദ്ധതി തുടരുന്ന സ്കൂളുകളിലെ അധ്യാപക യോഗ്യത നിർണ്ണയത്തിനു CBSE നടത്തുന്ന പരീക്ഷയാണ് സി-ടെറ്റ്. നിലവിൽ സി-ടെറ്റ് മാതൃകയിലാണ് സംസ്ഥാനത്തു K-TET പരീക്ഷ നടത്തുന്നത്. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനത്തിന് K-TET നിർബന്ധിത യോഗ്യത ആക്കിയിട്ടുണ്ട്.സി-ടെറ്റ് യോഗ്യത നേടുന്നതിന് എസ്.സി/എസ്.റ്റി/ഒ.ബി.സി വിഭാഗങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. EWS വിഭാഗത്തിന് അത്തരത്തിലൊരു ഇളവ് അനുവദിച്ചിട്ടില്ല.

C-TET പരീക്ഷക്ക് EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്കു മാർക്കിന് ഇളവ് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സമാന രീതിയിൽ നടത്തുന്ന K-TET പരീക്ഷയ്ക്കും SC/ST, OBC വിഭാഗങ്ങൾക്ക് നൽകുന്ന മാർക്കിളവിനു സമാനമായി EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്കു ഇളവ് സംസ്ഥാനത്തു ഇപ്പോൾ അനുവദിക്കേണ്ടതില്ല . 14.03.2023 തീയ്യതിയിൽ ബഹു ഹൈ കോടതി സൂചന (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം മേൽ പ്രകാരം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYADARSHINI MOHANDAS
UNDER SECRETARY

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം.(കവറിംഗ് ലെറ്റർ സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).
സെക്രട്ടറി ,പരീക്ഷ ഭവൻ,തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),തിരുവനന്തപുരം

ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

G.O.(Rt)No.4863/2023/GEDN

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ